**ഖുത്ബ**
**17.06.2005**
**കാൽഗരി, കാനഡ**

بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# മലക്കുകളെപോലുള്ള ജീവിതം ആർജ്ജിക്കുക

وَّاَنَّ الْمَسٰجِدَ لِلّٰهِ فَلَا تَدْعُوْا مَعَ اللّٰهِ اَحَدًا

**ഈ** ആയത്തിന്റെ അർത്ഥം ഇങ്ങനെയാണ്. തീർച്ചയായും പള്ളികൾ അല്ലാഹുവിനുള്ളതാണ്. അതുകൊണ്ട് അല്ലാഹുവിനോടൊപ്പം മറ്റാരേയും നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കരുത്. (*72:19*)

ഈ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്ത് പള്ളികൾ നിർമ്മിക്കുന്നത്. അതിൽ ആരാധനയ്ക്കായി പോകുകയും ചെയ്യുന്നു. നമ്മുടെ പള്ളികൾ അല്ലാഹുവിന്റെ ഏകത്വത്തിനുള്ള ഒരടയാളമാണ്. അങ്ങനെയാണ് വേണ്ടതും. ഇതേ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഒരു ദീർഘകാലത്തിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാളെ നിങ്ങൾക്ക് അതായത്, കൽഗരിജമാഅത്തിന് നിങ്ങളുടെ പള്ളി പണിയുന്നതിന് അല്ലാഹുതആല തൗഫീഖ് നല്കുകയാണ്. ഇൻശാഅല്ലാഹ്. നാളെയാണ് പള്ളിക്ക് തറക്കല്ലിടുന്നത്. ഈ പള്ളിനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. ഈ പള്ളി നിർമ്മിക്കുന്നതിനായി വാഗ്ദാനം ചെയ്തിട്ടുള്ളവർക്ക് വേഗത്തിൽ തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഇതുവരെ ഈ പദ്ധതിയിൽ പങ്കാളികളായിട്ടില്ലാത്തവർക്ക് ഉടനെ ഇതിൽ പങ്കെടുക്കാൻ അനുഗ്രഹം ഉണ്ടാകുമാറാകട്ടെ. ഈ പള്ളിയുടെ നിർമ്മാണത്തിൽ പങ്കാളികളായവരും ഇതിൽ നമസ്കരിക്കുന്നവരുമെല്ലാം ഹസ്റത്ത് ഇബ്റാഹീം (അ)ഉം ഹസ്റത്ത് ഇസ്മായീൽ(അ)ഉം കഅ്ബ മന്ദിരത്തിന്റെ നിർമ്മാണവേളയിൽ ചെയ്ത എല്ലാ പ്രാർത്ഥനകളുടെയും അനന്തരാവകാശികളാകുമാറാകട്ടെ. നിങ്ങളുടെ മക്കളുടെ മക്കളും വരുംതലമുറകളും തഖ്‌വയിൽ നിലനിന്നുകൊണ്ട് ഈ പള്ളിയിൽ വരുന്നുവരാകുമാറാകട്ടെ. നിങ്ങളുടെ ഈ പള്ളിയും നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ പിൻപറ്റിക്കൊണ്ട് തഖ്‌വയിൽ പടുത്തുയർത്തപ്പെടുന്ന പള്ളിയിൽ ഉൾപ്പെടുമാറാകട്ടെ. ആ പള്ളി തഖ്‌വയിൽ പടുത്തുയർത്തപ്പെട്ടതാണെന്ന് അല്ലാഹു സാക്ഷി പറഞ്ഞിട്ടുള്ളതാണ്. ***മസ്ജിദുൻ ഉസ്സിസ അല തഖ്‌വാ മിൻ അവ്വലി യൗമിൻ*** തീർച്ചയായും ആദ്യനാൾ മുതൽതന്നെ ദൈവഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ട ഒരു പള്ളിയാണത്. (*9:108*) ആ പള്ളിയുടെ ഭിത്തി കെട്ടുറപ്പുള്ളതായിരുന്നില്ല. അതിന്റെ മേൽകൂര ഈന്തപ്പനകൊണ്ടാണ് നിർമ്മിച്ചിരുന്നത്. മഴക്കാലത്ത് ചോർന്ന് അതിന്റെ തറ ചെളിയാകുമായിരുന്നു. ഭക്തരായ ആളുകൾ അതിൽ നമസ്കരിക്കുമ്പോൾ, അവരുടെ നെറ്റിത്തടത്തിൽ ചെളി പറ്റുമായിരുന്നു. പക്ഷെ, ആ ചെളിയും അവരുടെ തഖ്‌വയുടെമേൽ ഒരു മുദ്രയായിരുന്നു. ആ പള്ളിയിൽ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരുമായ ആളുകൾ ദർസുകൊടുക്കുകയും ദർസു കേൾക്കുകയും ചെയ്യുമായിരുന്നു. അവിടെ വരുന്നവർ സാത്വികരും പരിശുദ്ധരുമായിരുന്നു. അവർ തങ്ങളുടെ നന്മയും തഖ്‌വയും വർദ്ധിപ്പിക്കാനായിരുന്നു അവിടെ വന്നിരുന്നത്. അതിനുവേണ്ടി അവർ അസ്വസ്ഥചിത്തരായിരുന്നു. അവരുടെ ഈ രീതിയെ അല്ലാഹു ഇഷ്ടപ്പെടുകയും അവരെ സ്നേഹിക്കുകയും ചെയ്തു. കാരണം അല്ലാഹുവിനെ ആരാധിക്കാനും അല്ലാഹുവിന്റെ പ്രിയങ്കരനായ നബി(സ)യുടെ വാക്കുകൾ കേൾക്കാനും അവർ അസ്വസ്ഥതയോടെ കാത്തിരുന്നു. ആ പരിശുദ്ധരായ ആളുകളുടെ പരിശുദ്ധിക്കുള്ള സാക്ഷ്യം അല്ലാഹു ഇങ്ങനെ നല്കിയിരിക്കുന്നു.

***ഫീഹി രിജാലുൻ യുഹിബ്ബൂന അൻയ്യത്തത്വഹ്ഹറൂ വല്ലാഹു യുഹിബ്ബുൽ മുത്വഹ്ഹിരീൻ***

പരിശുദ്ധിയാർജ്ജിക്കുവാൻ ആഗ്രഹിക്കുന്ന ചിലയാളുകൾ ആ പള്ളിയിലുണ്ട്. പരിശുദ്ധി സ്വായത്തമാക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. (9:108)

നമ്മൾ പള്ളികൾ ഉണ്ടാക്കുന്നുവെങ്കിൽ- തീർച്ചയായും ഉണ്ടാക്കുന്നതാണ്, നമ്മൾ ഈ പള്ളികളെ ജനനിബിഡമാക്കുന്നുവെങ്കിൽ- ഇൻശാഅല്ലാഹ് തീർച്ചയായും ജനനിബിഡമാക്കുന്നതാണ്, നമ്മുടെ പള്ളികളും തഖ്‌വയ്ക്കുമേൽ പടുത്തുയർത്തപ്പെട്ട ആ പള്ളിക്ക് വിധേയമായി ഉണ്ടാക്കേണ്ടതാണെന്നുള്ള ചിന്ത നമ്മുക്കുണ്ടാകേണ്ടതാണ്. അങ്ങനെതന്നെയാണ് പള്ളി നിർമ്മിക്കുന്നതും. നബിയുടെ പള്ളിയിൽ വരുന്നവരുടെയും ആരാധന നടത്തുന്നവരുടെയും അവിടെ ഇരുന്നവരുടെയും അച്ചുതണ്ട് ഏകനായ അല്ലാഹുവായിരുന്നു. അവർ ഏകനായ അല്ലാഹുവിനെയല്ലാതെ മറ്റാരേയും വിളിച്ചിരുന്നില്ല. മറഞ്ഞ ശിർക്കിനെപ്പോലും തങ്ങളിൽനിന്ന് അവർ മൈലുകൾക്കപ്പുറത്തേക്ക് ആട്ടിയോടിച്ചിരുന്നു. അവർ അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാൻ അസ്വസ്ഥചിത്തരായി കാത്തിരുന്നു. അതുകൊണ്ടാണ് അല്ലാഹു അവരുടെ തഖ്‌വയെക്കുറിച്ചും പരിശുദ്ധിയെക്കുറിച്ചും സാക്ഷി പറഞ്ഞത്. അവരോട് സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ, അല്ലാഹുവിന്റെ ഈ സ്നേഹപ്രകടനം അവരിൽ അവസാനിച്ചുപോയോ? ആദ്യകൂട്ടരിൽത്തന്നെ അവസാനിച്ചുപോകാൻ അല്ലാഹുവിന്റെ ഖജനാവ് പരിമിതമായിരുന്നോ? അങ്ങനെയല്ല. അല്ലാഹുവിന്റെ ഖജനാവ് അപരിമിതമാണ്. അവന്റെ ഖജനാവ് അപരിമിതമായതുകൊണ്ട് ഇന്നും എന്നും അവനത് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. അവൻ വിതരണം ചെയ്യുന്നുമുണ്ട്; അവന്റെ നിബന്ധനകളും കല്പനകളുമനുസരിച്ച് മനുഷ്യൻ നടക്കണമെന്നു മാത്രം. ഏകനായ അല്ലാഹുവിനെ വിളിക്കുക. പള്ളികൾ അവനെ ആരാധിക്കുന്നതിനുവേണ്ടി മാത്രമാക്കിത്തീർക്കുക. അതിനെ ജനവാസമുള്ളതാക്കിത്തീർക്കുക. മറഞ്ഞിരിക്കുന്ന എല്ലാ ശിർക്കുകളേയും ഉള്ളിൽനിന്ന് നീക്കംചെയ്യുക. അല്ലാഹുതആല തന്റെ ദാസർക്ക് അനുഗ്രഹം നല്കാൻവേണ്ടി ധൃതിയോടുകൂടിയിരിക്കുന്നു. ദാസൻതന്നെയാണ് അവനിൽനിന്ന് മുഖം തിരിച്ചുകളയുന്നത്. അല്ലാഹുതആല തന്നിലേക്കു വരുന്ന മനുഷ്യരെ നോക്കിക്കൊണ്ട്, കളഞ്ഞുപോയ മകനെ തിരിച്ചുകിട്ടുകയും സന്തോഷത്താൽ കെട്ടിപ്പിടിക്കുകയും ചെയ്യുന്ന മാതാവിനെക്കാളധികം സന്തോഷിക്കുന്നു. ഇന്ന് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച അഹ്‌മദികളായ നാം, കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയതിനാൽ ആദ്യംവന്ന കൂട്ടരുമായി ചേരുകതന്നെ ചെയ്യുമെന്ന് ജാമ്യം കിട്ടിയിരിക്കുന്നവരാണ്. അതുകൊണ്ട് നാം ഭാഗ്യവാന്മാരാണ്. ഏകനായ ദൈവത്തെ വിളിക്കുന്നവരും അവന്റെ മുമ്പിൽ കുമ്പിടുന്നവരും തഖ്‌വയിൽ നിലനിന്നുകൊണ്ട് ജീവിക്കുന്നവരും സമസൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നവരും പള്ളികളിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ഉപദേശിക്കുന്നവരും അസ്വസ്ഥമായ ഹൃദയത്തോടെ അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി ഉത്സാഹിക്കുന്നവരുമായിത്തീരുമ്പോഴാണ് അവസാനകാലത്ത് വന്നവരിൽപ്പെട്ടതിന്റെ അനുഗ്രഹം ലഭിക്കുന്നത്. അല്ലാഹു ഓരോ അഹ്‌മദിക്കും അവന്റെ ആത്മാർത്ഥ ദാസരായിത്തീരുന്നതിനും തഖ്‌വയിൽ നിലകൊള്ളുന്തനിനും തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ സംതൃപ്തിയും സന്തോഷവും ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ പള്ളി നിർമ്മിക്കുന്നവരായിത്തീരുമാറാകട്ടെ.

ഹദീസിൽ വന്നിരിക്കുന്നു. മൗഊദ് ബിൻ ലബീദ് നിവേദനം ചെയ്യുന്നു. ഹസ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) തന്റെ ഖിലാഫത്തുകാലത്ത് മസ്ജിദ് നബ്‌വി പുനർനിർമ്മിക്കാനും വിശാലമാക്കാനും തീരുമാനിച്ചു. അപ്പോൾ കുറച്ചാളുകൾ അതിഷ്ടപ്പെട്ടില്ല. ആ പള്ളിയെ അതിന്റെ ആദ്യ അവസ്ഥയിൽതന്നെ നിലനിറുത്തണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. ഇതുകേട്ടുകൊണ്ട് ഉസ്മാൻ(റ) പറഞ്ഞു: നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്; ***മൻ ബനാ മസ്ജിദൻ ലില്ലാഹി ബനല്ലാഹു ലഹു ഫിൽ ജന്നത്തി മിസ്‌ലഹു.*** ആർ അല്ലാഹുവിന്റെ തൃപ്തിക്കായി പള്ളി നിർമ്മിച്ചുവോ, അല്ലാഹുതആല സ്വർഗ്ഗത്തിൽ അവനുവേണ്ടി അതുപോലുള്ള വീടുണ്ടാക്കുന്നതാണ്.

ഓരോ അഹ്‌മദിയും ഈ ഉദ്ദേശ്യം മുന്നിൽവയ്ക്കേണ്ടതാണ്. പള്ളി പടുത്തുയർത്തുമ്പോൾ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണം എന്ന വിചാരം മനസ്സിലുണ്ടാകണം. ഇതാണ് നിയ്യത്തെങ്കിൽ അത് തഖ്‌വയുള്ള ഹൃദയത്തിനേ ഉണ്ടാകാൻ തരമുള്ളൂ. ഇതിനുവേണ്ടി നിങ്ങൾ ധനത്യാഗം ചെയ്യുമ്പോൾ അല്ലാഹുവിനോടുള്ള ഭയംകൊണ്ട് നിങ്ങളുടെ ഹൃദയം നിറയുന്നതാണ്. ഇന്നയാൾ ഇത്ര ചന്ദ കൊടുത്തതുകൊണ്ട് ഞാനും ഇത്രയും കൊടുക്കും എന്ന ചിന്ത അപ്പോൾ ഉണ്ടാകുകയില്ല. അത് മറ്റുള്ളവരെ തരം താഴ്ത്തിക്കാണിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടമായിരിക്കുകയില്ല. പോരാട്ടം നന്മയിൽ മുൻകടക്ക

ണമെന്ന ഒരേയൊരു ഉദ്ദേശ്യത്തിൽ മാത്രമായിരിക്കണം. നന്മയിൽ മത്സരിച്ച് മുൻകടക്കണമെങ്കിൽ ആദ്യകാല വിശ്വാസികൾ ചെയ്തുകാണിച്ച മാതൃക പിൻപറ്റേണ്ടതാണ്; അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരാൻ. നിഷിദ്ധമായ പോരാട്ടം പാടില്ല. നിഷിദ്ധമായ പോരാട്ടത്തിന്റെ അടിത്തറ തഖ്‌വയിലാകാൻ തരമില്ല. അതുകൊണ്ട്, ഏകനായ ദൈവത്തിന്റെ വീട് നിർമ്മിക്കാനുദ്ദേശിക്കുന്നെങ്കിൽ, തഖ്‌വയിൽ അടിത്തറ പടുത്തുയർത്തണം. ത്യാഗം വരിക്കണം. തഖ്‌വയിൽ നിലനിന്നുകൊണ്ട് അത്ചെയ്യേണ്ടതാണ്. തഖ്‌വയിൽ നിലകൊള്ളുന്ന ഹൃദയങ്ങൾ ജമാഅത്തിന് അല്ലാഹു നല്കിയിരിക്കുന്നുവെന്നത് അവന്റെ ഔദാര്യമാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ചൈതന്യത്തോടെ ധനത്യാഗം ചെയ്യുന്നവരാണവർ.

ഞാനുമായി കൂടിക്കാഴ്ച നടത്തുമ്പോൾ നിരവധിയാളുകൾ, പള്ളി നിർമ്മിക്കുന്നതിന് ഇത്ര തുക വാഗ്ദാനം ചെയ്തിട്ടുണ്ട്, അല്ലാഹു എത്രയും വേഗം അതടച്ചുത്തീർക്കാൻ തൗഫീഖ് തരുമാറാകട്ടെ എന്ന് കരഞ്ഞുകൊണ്ട് പറയാറുണ്ട്. എന്നല്ല, ജമാഅത്തിന് തങ്ങളിൽനിന്ന് പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ കൊടുക്കാൻ സൗഭാഗ്യമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണവർ. തങ്ങളുടെ വാഗ്ദാനം പൂർത്തിയാകണമെന്ന ആഗ്രഹം കരഞ്ഞുകൊണ്ട് പ്രകടിപ്പിക്കുന്നവരോട്, നിങ്ങളുടെ മനസ്സ് ജനങ്ങളെ കാണിക്കാൻ വേണ്ടി ചെയ്യുന്ന മനസ്സാണെന്ന് പറയാൻ നമുക്ക് പറ്റുകയില്ല. അങ്ങനെയല്ല, മറിച്ച്, ഈയാളുകൾ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നവരാണ്. ഈ ചിന്തയോടുകൂടി ത്യാഗങ്ങൾ വരിച്ചുകൊണ്ടിരിക്കുവോളം കാലം, നിങ്ങളും നിങ്ങളുടെ തലമുറകളും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളായിക്കൊണ്ടിരിക്കും, ഇൻശാഅല്ലാഹ്. കാരണം അല്ലാഹു പറഞ്ഞതനുസരിച്ച്, തഖ്‌വയിൽ നിലകൊള്ളുന്നവരെ അല്ലാഹു സ്നേഹിക്കുന്നവനാണ്. അവർക്കുവേണ്ടി സ്വർഗ്ഗത്തിൽ വീടു നിർമ്മിക്കുന്നവനാണ്.

ഹസ്റത്ത് ഉസ്മാൻ(റ)ന്റെ ഈ വാക്കുകളിൽ നിന്നും കർമ്മത്തിൽനിന്നും, പള്ളികൾ മനോഹരവും ഉറപ്പുള്ളതും ആക്കുക എന്നതും നബി(സ)യുടെ ഇംഗിതമനുസരിച്ചാണെന്നുള്ള കാര്യവും വ്യക്തമായി. ആദ്യകാലത്ത് നല്ല കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള അവസ്ഥയില്ലായിരുന്നു. എന്നാൽ അവസ്ഥ മെച്ചപ്പെട്ടപ്പോൾ ഹസ്റത്ത് ഉസ്മാൻ(റ) അതിനെ വിസ്താരപ്പെടുത്തുകയും കെട്ടുറപ്പുള്ളതാക്കുകയും ചെയ്തു. പക്ഷെ, അടിസ്ഥാനപരമായ കാര്യം തഖ്‌വയാണ്. ഇത് എപ്പോഴും എല്ലാ അഹ്മദിയും മുന്നിൽവയ്ക്കേണ്ടതുമാണ്.

മസ്ജിദ് നബ്‌വി വിസ്താരമാക്കി പണിതതും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമായിരുന്നു. അതും തഖ്‌വയുടെ അടിത്തറയിലാണ് പടുത്തുയർത്തിയത്. അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിർവ്വഹിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കിട്ടിക്കൊണ്ടിരിക്കുമെന്നുള്ള കാര്യം ഓരോ അഹ്മദിയും ഓർമ്മവയ്ക്കേണ്ടതാണ്. ഇങ്ങനെ സ്വർഗ്ഗത്തിന്റെ അനന്തരാവകാശികളും ആയിക്കൊണ്ടിരിക്കും. ഈ സ്വർഗ്ഗം ഈ ലോകത്തും ലഭിക്കുന്നതാണ്. അടുത്തലോകത്തും ലഭിക്കുന്നതാണ്.

ഒന്നാമതായി പള്ളിനിർമ്മാണം അല്ലാഹുവിന്റെ രിളാ അഥവാ സന്തോഷം കാംക്ഷിച്ചുകൊണ്ടായിരിക്കണമെന്ന് ഹദീസിൽ വന്നിരിക്കുന്നു. രണ്ടാമതായി ഈ പള്ളികളിൽ അല്ലാഹുവിന്റെ ആരാധനയും അവന്റെ സ്മരണയും നടക്കണം. ഇതിനെക്കുറിച്ച് ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: നിങ്ങൾ ജന്നത്തിലെ തോട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ അവിടെനിന്ന് അല്പം തിന്നുകയും കുടിക്കുകയും ചെയ്യുക. ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: അല്ലാഹുവിന്റെ റസൂലേ! ജന്നത്തിലെ തോട്ടങ്ങൾ എന്താണെന്ന് ഞാൻ ചോദിച്ചു. അതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: പള്ളികൾ സ്വർഗ്ഗത്തിലെ തോട്ടങ്ങളാണ്. അതിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് ഞാൻ ചോദിച്ചു. നബി(സ) പറഞ്ഞു: ***സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലാ ഇലാഹഇല്ലല്ലാഹു വല്ലാഹു അക്ബർ*** എന്ന് ചൊല്ലൽ.

അൽഹംദുലില്ലാഹ്, നാളെ നിങ്ങൾ സ്വർഗ്ഗത്തിലെ തോട്ടങ്ങളിലേക്ക് പോകുന്നവരിൽ ഉൾപ്പെടാൻ പോകുകയാണ്. അല്ലാഹുതആല, ഇത് എത്രയും വേഗം പൂർത്തിയാക്കാൻ നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഈ സ്വർഗ്ഗത്തിലെ തോട്ടം അതിന്റെ സകല തിളക്കത്തോടും ഫലങ്ങളോടുംകൂടി നിങ്ങൾക്ക് ഫലം തന്നുകൊണ്ടിരിക്കട്ടെ; അത് ജനങ്ങൾ കാണുകയും ചെയ്യുമാറാകട്ടെ.

ആരംഭത്തിൽ ഞാൻ പറയുകയുണ്ടായി, തഖ്‌വയിൽ പടുത്തുയർത്തപ്പെടുന്ന പള്ളി മാത്രമാണ് ഏകദൈവത്തെ ആരാധിക്കുന്നവരുടെ പള്ളിയെന്നു പറയപ്പെടുന്നത്. തഖ്‌വ കൊണ്ടുള്ള ഉദ്ദേശ്യം ദൈവഭ

യവും അവനോടുള്ള സ്നേഹവും ഹൃദയത്തിൽ വെച്ചുകൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അവന്റെ കല്പനകളിൽ അവനെ ആരാധിക്കാനും കല്പനയുണ്ട്. അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും കല്പനയുണ്ട്. ഞാനാദ്യം പറഞ്ഞതുപോലെ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കാത്തിടത്തോളം കാലം നമ്മുടെ ആരാധനയും നമ്മുടെ ത്യാഗവും സ്വീകാരാർഹമായ നിലയിലെത്തുകയില്ല.

അതുകൊണ്ട് ഓരോ അഹ്മദിക്കും അവരുടെ ആരാധനയുടെ നിലവാരം ഉയർത്താനും അല്ലാഹുവിനോടുള്ള കടമ നിറവേറ്റാനും ശ്രമിക്കുന്നതോടൊപ്പം സമൂഹത്തിനോടുള്ള കടമ നിറവേറ്റുന്നതിനും ശ്രദ്ധിക്കേണ്ടതായിവരും. നമ്മൾ തഖ്വയിൽ പദമൂന്നുന്നവരാണെന്നും നമ്മുടെ പള്ളികൾ തഖ്വയുടെ അടിത്തറയിൽ പടുത്തുയർത്തുന്നതാണെന്നും അപ്പോഴാണ് നമുക്കു പറയാൻ കഴിയുക. നമ്മുടെ മിനാരങ്ങളിൽനിന്ന് ഏകനായ അല്ലാഹുവിന്റെ കല്പനയനുസരിച്ച് സ്നേഹത്തിന്റെ ശബ്ദം ഉയരുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “വിശുദ്ധഖുർആനിൽ എല്ലാ കല്പനകളേയും അപേക്ഷിച്ച് തഖ്വ കൈക്കൊള്ളാനും ദോഷങ്ങളിൽനിന്നും അകന്നുനില്ക്കാനും വലിയ താക്കീതാണുള്ളത്. തഖ്വ സകല തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിന് ശക്തി പകരുന്നു എന്നതാണതിന് കാരണം. അത് ഓരോ നന്മയിലേക്കും ഓടുന്നതിന് പ്രചോദനം നല്കുന്നു. ഇത്രമാത്രം താക്കീത് ചെയ്തു പറയുന്നതിന്റെ രഹസ്യം തഖ്വ ഓരോ കാര്യത്തിനും മനുഷ്യന് സമാധാനത്തിന്റെ ഏലസാണ് എന്നതാകുന്നു. ഓരോ ഫിത്നയിൽനിന്നും സുരക്ഷിതമാകുന്നതിനുള്ള ശക്തമായ ഒരു കോട്ടയാണ്. മറ്റുള്ളവർ ചിലപ്പോൾ കുടുങ്ങി നാശത്തിന്റെ വക്കിലോളമെത്തുന്ന ഒരുപാട് നിരർത്ഥകമായ കലഹങ്ങളിൽനിന്ന് ഒരു മുത്തഖി ആയ മനുഷ്യന് ഇതുമുഖേന രക്ഷപ്പെടാൻ കഴിയുന്നു.” ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശം. അവന്റെ കല്പനകൾക്കെതിരിലുള്ള ചെറിയ കാര്യംപോലും ഹൃദയത്തിൽ ഭയമുളവാക്കുന്ന തരത്തിലുള്ളതാകുമ്പോഴാണ് തിന്മകൾക്കെതിരെ മനസ്സ് കടുപ്പമുള്ളതായിത്തീരുകയും അതിനോട് വെറുപ്പ് പ്രകടമാകുകയും ചെയ്യുന്നത്. ചെറിയ ചെറിയ നന്മ ചെയ്യാനും ശ്രദ്ധയുണ്ടാകും. ആർക്കെങ്കിലും നഷ്ടം വരുത്താനോ, ആരെയെങ്കിലും തരം താഴ്ത്താനോ ആർക്കെങ്കിലുമെതിരിൽ പരദൂഷണം പറയാനോ കിംവദന്തികൾ പരത്താനോ ഉള്ള വിചാരം ഒരിക്കലും ഉണ്ടാകുകയില്ല. തഖ്വയ്ക്ക് ഒരുപാട് ഭാഗങ്ങളുണ്ടെന്ന് അവിടന്ന് ഒരിടത്ത് പറഞ്ഞിട്ടുണ്ട്. ഡംഭ്, അഹങ്കാരം അതായത് സ്വയം വലിയവനാണെനന് കാണിക്കുക, നിഷിദ്ധമായമുതൽ തിന്നുക, ദുസ്സ്വഭാവം തുടങ്ങിയവയിൽനിന്ന് രക്ഷപ്പെടുക എന്നതും തഖ്വയാണ്.

മനുഷ്യൻ ഇത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുമ്പോഴാണ് അവൻ തീർച്ചയായും അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നവനായി തീരുന്നത്. അപ്പോൾ ഈ തഖ്വതന്നെ അവന് ഏലസായി മാറും. എന്തെങ്കിലും പ്രത്യേക ദുആ പറഞ്ഞുതരിക എന്നാവശ്യവുമായി ചിലയാളുകൾ വരുന്നു. അല്ലെങ്കിൽ പ്രയാസങ്ങൾക്കെതിരിൽ എന്തെങ്കിലും ജപം പറഞ്ഞുകൊടുക്കാൻ പറയുന്നു. ഇത് അഹ്മദികളിൽ കാണുന്നത്, അവരും ഈ സമൂഹത്തിന്റെ ഭാഗമായതുകൊണ്ടാണ്. പൂർണ്ണമായനിലയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങൾ അവർക്കറിയില്ല. അല്ലെങ്കിൽ അവർ പുതിയ അഹ്മദികൾ ആയിരിക്കും. ഇതെല്ലാം ആ സമൂഹത്തിന്റെ സ്വാധീനഫലം കൊണ്ടാണ് ഇവിടെ ഉണ്ടാകുന്നത്. ഇല്ലെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) നെ വിശ്വസിച്ചതിനുശേഷം ശരിയായ നിലയിൽ ആ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീർന്നാൽ, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുക എന്നതുതന്നെ അവർക്ക് ഏലസ്സിന്റെ പ്രയോജനം ചെയ്യുന്നതാണ്. പറയുമ്പോൾ ഇത് വളരെ ചെറുതാണെങ്കിലും, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കുമ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുമ്പോഴുമാണ് ഇത് ചെറിയതല്ല, വലിയ കാര്യമാണെന്ന് മനസ്സിലാകുന്നത്. ആരാധനയുടെ കടമ നിറവേറ്റുന്ന കാരണത്താൽ, അല്ലാഹുവിന്റെ സ്നേഹദൃഷ്ടി ലഭിക്കുന്നവരായിത്തീരും ഇവർ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്ന കാരണത്താൽ, അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരുമായിത്തീരും. അല്ലാഹുവിന്റെ സ്നേഹം ലഭിച്ചുകഴിഞ്ഞാൽ പിന്നെ ജപിച്ചുകൊണ്ടിരിക്കാൻ എന്താണ് അവർക്കു വേണ്ടത്. പിന്നെ ഏത് ഏലസ്സിന്റെ ആവശ്യമാണ് അവർക്കുള്ളത്. അതുകൊണ്ട് ഉത്തമമായ സ്വഭാവത്തിന്റെ മാതൃക കാണിക്കുക. ആരാധനയുടെ നിലവാരം ഉയർത്തുക. ഇതു ലഭിച്ചാൽ, അല്ലാഹുവിന് പ്രിയപ്പെട്ടവരിൽ ഉൾപ്പെടാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരിൽ ഉൾപ്പെടുമ്പോൾ, അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകും. അവൻ തന്റെ ശക്തിപ്രഭാവത്തിന്റെ

കാഴ്ചകൾ കാണിക്കുകയും ചെയ്യും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“വിജയത്തിന്റേയും സന്തോഷത്തിന്റേയും നേരത്ത് തഖ്‌വ സ്വായത്തമാക്കുന്നവനാണ് ഭാഗ്യവാൻ. അതുകൊണ്ട് അല്ലാഹു നിങ്ങൾക്കുമേൽ അനുഗ്രഹം ചൊരിയുമ്പോൾ ആദ്യത്തെക്കാളുപരി അവന്റെ സന്നിധിയിൽ കുമ്പിടുന്നവരായിത്തീരുക. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരുക. വിജയങ്ങൾ നിങ്ങളെ തിന്മകളിലേക്ക് കൊണ്ടുപോകുന്നതാകാൻ പാടില്ല. പ്രത്യുത തഖ്‌വ വർദ്ധിപ്പിക്കുന്നതായിത്തീരണം. ധനപരമായ ഐശ്വര്യവും സന്തോഷവും നിങ്ങളുടെ തഖ്‌വ വർദ്ധിപ്പിക്കുന്നതായിത്തീരണം.”

ഇന്നത്തെ ലോകത്തിന്റെ ഇന്ദ്രിയാശകൾ മനുഷ്യനെ അന്ധനാക്കിത്തീർത്തിരിക്കുന്നു. നന്മയും തിന്മയും തമ്മിൽ ഒരു വ്യത്യാസവും ബാക്കിയായില്ല. നമ്മുടെ രാജ്യങ്ങളിൽ തിന്മ ചെയ്യുന്നത് മറച്ചുവെച്ചുകൊണ്ടാണെങ്കിൽ ഇവിടെ അത് പരസ്യമായിട്ടാണ്. എന്നാൽ എല്ലായിടത്തും അതിനെക്കുറിച്ചുള്ള സങ്കല്പം ഒന്നുതന്നെയാണ്. ഈ അവസ്ഥയിൽ ഒരഹ്മദിയുടെ ഉത്തരവാദിത്തം വളരെ വലുതാകുന്നു.

ഞാൻ പറഞ്ഞതിന്റെ അവസാനഭാഗത്ത്, അവസാനം വരുന്നവരെ ആദ്യം വന്നവരുമായി ചേർക്കുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. സൂറ ജുമുആയിൽ ലോകത്തിന്റെ പിടിയിൽ അകപ്പെട്ടിരിക്കുന്നയാളുകളിൽ കാലത്തിന്റെ ഇമാമിനെ ഉപേക്ഷിച്ചുകളയുന്നവരും ഉണ്ടാകുമെന്ന് പറഞ്ഞിരിക്കുന്നു. അവർ നബി(സ)യുടെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയില്ല. അവിടത്തെ പ്രവചനമനുസരിച്ച് വരുന്ന മസീഹ് മഹ്ദിയിൽ വിശ്വസിക്കുകയുമില്ല. എന്നാൽ, അഹ്മദികളായ നാം മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. ആ മഹാത്മാവിന് ബൈഅത്ത് ചെയ്തവരാണ്. അതുകൊണ്ട് ഇപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന ഭൗതികാഡംബരങ്ങളിൽനിന്ന് ശക്തമായ നിലയിൽ രക്ഷപ്പെട്ട് അല്ലാഹുവിന്റെ സകല കല്പനകളും അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് നമുക്ക് നല്കിയിരിക്കുന്ന അദ്ധ്യാപനങ്ങളനുസരിച്ചെല്ലാം ജീവിക്കേണ്ടതാണ്; ഹസ്റത്ത് മസീഹ് മൗഊദ്(അ)യുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളിലും ഭാഗഭാക്കായിത്തീരുന്നതിനുവേണ്ടി. ഇല്ലെങ്കിൽ പള്ളികൾ ആവശ്യാനുസരണം വേറേയും നിർമ്മിക്കപ്പെടുന്നുണ്ട്. ബാഹ്യമായ നന്മകൾ മറ്റിടങ്ങളിലും കാണാം. എന്നാൽ, അവിടെ തഖ്‌വയെക്കുറിച്ചുള്ള കാര്യങ്ങൾ ഒന്നും പറയപ്പെടുന്നില്ല. അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കാൻ പറയുന്നതിനു പകരം ചില പള്ളികളിൽ അതിനു വിരുദ്ധമായ പാഠങ്ങളാണ് നല്കപ്പെടുന്നത്. പാക്കിസ്ഥാൻ, തുടങ്ങിയ രാജ്യങ്ങളിൽ മിക്കയിടത്തും അത് നിങ്ങൾക്ക് കാണാൻ കഴിയുന്നതാണ്. ഇതെല്ലാം അല്ലാഹുവിന്റെ പേരിൽതന്നെയാണ് നടക്കുന്നതും. കെട്ടിടങ്ങൾ നോക്കുകയാണെങ്കിൽ ഇവരുണ്ടാക്കുന്ന പള്ളികൾ ഉന്നതക്കിടയിലുള്ളതാണ്. പക്ഷെ, കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്ത കാരണത്താൽ അതിൽ തഖ്‌വയില്ലാതെ പോയി. അവരെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മളും അവരിലിരിക്കുന്നവരായിത്തീരുമോ എന്ന ആശങ്കയുണ്ടാകുന്നു. പക്ഷെ, നമുക്ക് അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ഉറപ്പും, വിശ്വാസവുമുണ്ട്. ഇൻശാഅല്ലാഹ് അവൻ തന്റെ വാഗ്ദാനമനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ അവനെ ആരാധിക്കുന്നവരും സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുന്നവരും തഖ്‌വയിൽ നിലകൊള്ളുന്നവരും ഖിലാഫത്തുമായി ബന്ധം വെക്കുന്നവരും അതിനെ സ്നേഹിക്കുന്നവരും അതിനുവേണ്ടി ത്യാഗം ചെയ്യുന്നവരുമായ ആളുകളെ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇതുമായി അള്ളിപ്പിടിച്ചിരിക്കുന്നവർ ഒരിക്കലും കാലത്തിന്റെ ഇമാമിനെ ഉപേക്ഷിച്ചുകളയുകയില്ല. വിശ്വസിച്ചതിനുശേഷം ഏതെങ്കിലും നിർഭാഗ്യവാൻ അവിശ്വാസത്തിലേക്ക് മടങ്ങുകയാണെങ്കിൽ അവൻ തന്റെ നിർഭാഗ്യതയെയായിരിക്കും മാടിവിളിക്കുന്നത്. അതുകൊണ്ട്, ഞാൻ വീണ്ടും പറയുന്നു. അല്ലാഹു ഇവിടെ ഇറക്കിയിട്ടുള്ള അനുഗ്രഹങ്ങളെ നല്ലനിലയിൽ പ്രകടിപ്പിക്കുക. ചില സന്ദർഭങ്ങളിൽ സുഖസൗകര്യങ്ങൾ മനുഷ്യനെ തിന്മയിലേക്കു കൊണ്ടുപോകാറുണ്ട്. അതിൽനിന്ന് രക്ഷപ്പെടുക. തഖ്‌വയിൽ നിലകൊള്ളുക. ഈ അനുഗ്രഹങ്ങളുടെ പ്രകടനം സ്വന്തം ആരാധനാകർമ്മങ്ങൾ മെച്ചപ്പെടുന്ന രീതിയിൽ ആയിരിക്കണം വേണ്ടത്. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുകയും വേണം. കഴിഞ്ഞുപോയ അവസ്ഥകളിലേക്കും ദൃഷ്ടിവയ്ക്കുക. നിലവിലുള്ള അവസ്ഥകൾ നോക്കുക. ഈ രാജ്യങ്ങളിൽ വന്നതിനുശേഷം അല്ലാഹുതആല ആദ്യാവസ്ഥയേക്കാൾ നൂറിരട്ടിയിലധികം ധനപരമായി ഐശ്വര്യം നൽകിയ ഒരുപാടാളുകൾ ഉണ്ട്. ഈ രീതിയിൽ നിങ്ങൾ ആത്മപരിശോധന നടത്തുമ്പോൾ അത് നിങ്ങളെ അല്ലാഹുവിനോട് അടുപ്പിക്കുകയും അവന് ശുക്ർ ചെയ്യുന്നവരാക്കിത്തീർക്കുകയും ചെയ്യും. നിങ്ങൾ ശുക്ർ ചെയ്യുന്നവരും തഖ്‌വയിൽ പദമൂന്നുന്നവരും ആയിത്തീരുമ്പോൾ, അല്ലാഹു അവന്റെ വാഗ്ദാനമനുസ

രിച്ച് തന്റെ അനുഗ്രഹത്തിന്റെ മഴ വർദ്ധിപ്പിച്ചുകൊണ്ടേപോകും. അവൻ തന്നെ പറയുന്നു: ***ലയിൻ ശകർതും ല അസീദന്നക്കും***, അല്ലയോ ജനങ്ങളേ! നിങ്ങൾ നന്ദി കാണിക്കുന്നവരായാൽ നിങ്ങൾക്ക് തീർച്ചയായും അനുഗ്രഹം വർദ്ധിപ്പിച്ചുതരുന്നതാണ്. (*14:8*) അതുകൊണ്ട് തഖ്‌വയിലൂടെ നടന്ന് നിങ്ങൾ നന്ദി പ്രകടിപ്പിക്കുക എന്ന വിഷയംകൂടി മനസ്സിൽ വെക്കുമ്പോൾ, അല്ലാഹുവിനോടുള്ള കടമ നിറവേറ്റിക്കൊണ്ടും സൃഷ്ടികളോടുള്ള കടമ നിറവേറ്റിക്കൊണ്ടും അത് പ്രകടിപ്പിക്കുമ്പോൾ, പള്ളി നിർമ്മാണത്തിലും മറ്റ് ധനപരമായ ത്യാഗത്തിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടിപ്പിക്കുമ്പോൾ, അവന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട്, അല്ലാഹുവേ! നിന്റെ മുമ്പിൽ ഞങ്ങൾ കുമ്പിടുന്നു. നീ തന്നെയാണ് ഞങ്ങളെ ഞങ്ങളുടെ ആദ്യാവസ്ഥയിൽനിന്നും ഈ ഉത്തമമായ അവസ്ഥയിലേക്ക് മാറ്റിയവൻ, ഞങ്ങൾ സമർപ്പിക്കുന്ന ഈ ത്യാഗങ്ങൾ നിന്റെ അനുഗ്രഹങ്ങൾ നോക്കുമ്പോൾ വളരെ നിസ്സാരമാണെന്ന് നാം ഏറ്റുപറയുമ്പോൾ അല്ലാഹു ആദ്യത്തേക്കാളധികം നിങ്ങളുടെ മേൽ അനുഗ്രഹങ്ങൾ ഇറക്കുന്നതാണ്. ഇൻശാഅല്ലാഹ്.

ഞാൻ പറഞ്ഞതുപോലെ ഈ രീതിയിൽ ത്യാഗങ്ങൾ സമർപ്പിക്കുന്നവർ നിരവധിയുണ്ട്. ഇങ്ങനെ പ്രവർത്തിച്ചു നോക്കാത്തവരോട് ഞാൻ പറയുകയാണ്. നിങ്ങളും ഈ മരുന്നിന്റെ കുറിപ്പടി ഒന്നു പരീക്ഷിച്ചുനോക്കുക. തഖ്‌വയിലൂടെ നടക്കുക. ആരാധനകൾ നിറവേറ്റുക. ദൈവീകാനുഗ്രഹങ്ങളനുസരിച്ച് അല്ലാഹുവിന് ശുക്ർ ചെയ്യുക. എന്നിട്ട് ഏതുരീതിയിലാണവൻ അനുഗ്രഹങ്ങൾ വർദ്ധിപ്പിക്കുന്നതെന്ന് നോക്കുക. അല്ലാഹു നിങ്ങളുടെ ശുക്റിന്റെയും തഖ്‌വയുടെയും നിലവാരത്തെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നിങ്ങൾ നിർമ്മിക്കുന്ന ഈ പള്ള ഒരുപാടാളുകളെ തന്നിലേക്ക് ആകർഷിക്കാൻ കാരണമാകും. ഇൻശാഅല്ലാഹ്. ജമാഅത്തിനെ വളർത്താനാഗ്രഹിക്കുന്നെങ്കിൽ എവിടെ നിങ്ങൾ വളർത്താനാഗ്രഹിക്കുന്നുവോ അവിടെ പള്ളി നിർമ്മിക്കുക എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. ഈ പള്ളി ഇൻശാഅല്ലാഹ് ജനങ്ങളുടെ ശ്രദ്ധ തിരിയുന്നതിനും താല്പര്യത്തിനും കാരണമാകും. എന്നാൽ, നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റങ്ങളുണ്ടാകുമ്പോഴാണ് ജനങ്ങളുടെ ശ്രദ്ധ നിങ്ങളിലേക്കും ഇസ്‌ലാമിലേക്കും തിരിയുന്നത്. നിങ്ങളുടെ വാക്കും പ്രവൃത്തിയും വിരുദ്ധമാകാൻ പാടില്ല. ഞാൻ വിശദീകരിച്ചു പറഞ്ഞുവന്നതാണ്, നിങ്ങൾ നിങ്ങളുടെ ആരാധനയുടെ നിലവാരത്തെ ഉയർത്തുക, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിർവേറ്റുന്നതിന്റെ നിലവാരം ഉയർത്തുക. ഇതെല്ലാം, അല്ലാഹുവിന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിയുന്നതിന് കാരണമാകും. അതിനോടൊപ്പം ഈ നാട്ടിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം എത്തുന്നതിനും കാരണമാകും. അതുകൊണ്ട് ഈ നിയ്യത്തോടുകൂടിയും നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കിത്തീർക്കുക. ധനപരമായ ത്യാഗത്തിൽ കൂടുതൽ ഉയരാൻ സാധിക്കുന്നവർക്ക് തങ്ങളിൽ മാറ്റമുണ്ടാക്കുന്നതിലും ഉയരാൻ കഴിയും. ആരാധനകളുടെ നിലവാരത്തെ ഉയർത്താൻ കഴിയും. അവർക്ക് നാട്ടിൽ അഹ്മദിയ്യത്തിന്റെ സന്ദേശം പരത്തുന്നതിനുള്ള ശ്രമങ്ങളിൽ വളരാൻ കഴിയും. പട്ടണങ്ങളിൽ വസിക്കുന്നവരിൽ മതപരമായ കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ ചുറ്റുപാടുമുള്ള സ്ഥലങ്ങളിലേക്ക് ഇറങ്ങിപ്പുറപ്പെടുക. ഒരുപാടാളുകൾ അവിടങ്ങളിൽനിന്ന് ഇവിടെ വരാറുമുണ്ട്. അഹ്മദികളെല്ലാവരും, വൃദ്ധരും കുട്ടികളും യുവാക്കളും സ്ത്രീകളും ഗൗരവത്തോടെ ഇക്കാര്യത്തിൽ ശ്രദ്ധിച്ചാൽ ജമാഅത്തിനെ മറ്റുള്ളവർക്ക് നല്ലവണ്ണം പരിചയപ്പെടുത്താൻ കഴിയുന്നതാണ്. ഈ പരിചയപ്പെടുത്തൽ സൽപ്രകൃതക്കാരെ ജമാഅത്തിലേക്ക് കൊണ്ടുവരാൻ കാരണവുമാകും. ഇൻശാഅല്ലാഹ്. പള്ളികൾ നിർമ്മിക്കുന്ന ഈ നാടുകളിൽ ഇവിടേയും വെൻഗോവയിലും അല്ലെങ്കിൽ മറ്റിടങ്ങളിലും അഹ്മദിയ്യത്ത് രൂപീകരിക്കുന്നതിന് കാരണമാകും. ഇൻശാ അല്ലാഹ്. പള്ളികൾ നിർമ്മിക്കുക, ജമാഅത്തുകൾ വർദ്ധിപ്പിക്കുക എന്നത് അല്ലാഹുവിന്റെ നബിയുടെ വായിൽനിന്ന് പുറത്തുവന്ന കാര്യമാണ്. ഇൻശാഅല്ലാഹ്. അത് പൂർത്തിയാവുകതന്നെ ചെയ്യും; നമ്മൾ ഒരു ശ്രദ്ധയോടുകൂടി ഒരു ഉത്സാഹത്തോടുകൂടി പരിശ്രമിക്കണമെന്ന് മാത്രം. എന്നാൽ അടിസ്ഥാനപരമായ കാര്യം ഓർമ്മവയ്ക്കുക, ആ കാര്യത്തിലാണ് സർവ്വതും നിലകൊള്ളുന്നത്. അതായത്, തഖ്‌വ നിലനാട്ടുക. അതിലൂടെ നടന്നുകൊണ്ട് സകല കർമ്മങ്ങളും ചെയ്യുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “നമ്മുടെ ജമാഅത്തിലെ ആളുകൾ മറ്റുള്ളവർക്ക് മാതൃകയായിരിക്കേണ്ടതാണ്. ബൈഅത്ത് ചെയ്തതിനുശേഷവും ഒരാളുടെ ജീവിതം അതിനുമുമ്പേയുള്ള ജീവിതത്തെപോലെ അവിശുദ്ധവും മലിനവുമായതാണെങ്കിൽ(അതുകൊണ്ട് ഒരുകാര്യവുമില്ല). നമ്മുടെ ജമാഅത്തിൽ ചേർന്നുകൊണ്ട് ആരാണോ ചീത്തമാതൃക കാണിക്കുന്നത്, പ്രവർത്തനപരവും വിശ്വാസപരവുമായ

ദുർബ്ബലത കാണിക്കുന്നത് അവൻ ളാലിം ആകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ജമാഅത്തിനെ ഒന്നടങ്കം ദുഷ്പേരുണ്ടാക്കുന്നു. എന്നേയും ആക്ഷേപത്തിന് കുറിമാനമാക്കുന്നു. ചീത്തമാതൃകകൊണ്ട് മറ്റുള്ളവർക്ക് വെറുപ്പാണുണ്ടാവുക; നല്ല മാതൃകകൊണ്ട് താല്പര്യവും. ചിലരുടെ കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. അവർ എഴുതുന്നു: "ഞങ്ങൾ താങ്കളുടെ ജമാഅത്തിലെ അംഗങ്ങളല്ലെങ്കിലും താങ്കളുടെ ജമാഅത്തിലെ ചില ആളുകളുടെ സൽസ്വഭാവം കാണുമ്പോൾ, ഈ ജമാഅത്തിന്റെ അദ്ധ്യാപനം നന്മയിലധിഷ്ഠിതം തന്നെയെന്ന് മനസ്സിലാക്കുന്നു.

إِنَّ اللَّهَ مَعَ الَّذِينَ اتَّقَوا وَّالَّذِينَ هُم
مُّحْسِنُونَ

സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.(16:129)

അല്ലാഹു മനുഷ്യന്റെ കർമ്മങ്ങൾ എഴുതിവെക്കാറുണ്ട്. അതുകൊണ്ട് മനുഷ്യനും തന്റെ സ്ഥിതിഗതികൾ രേഖപ്പെടുത്തിവെക്കാൻ ഒരു ഡയറി തയ്യാറാക്കിവെക്കേണ്ടതാണ്. അതിലൂടെ തങ്ങളുടെ ജീവിതത്തിൽ നന്മ എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. മനുഷ്യന്റെ ഇന്നും നാളേയും സമമാകാൻ പാടില്ല. നന്മയുടെ അടിസ്ഥാനത്തിൽ ഇന്നും നാളേയും സമമായിരിക്കുന്നവർ നഷ്ടത്തിലാണ്. അല്ലാഹുവിൽ പൂർണ്ണമായി വിശ്വാസമർപ്പിക്കുന്നവനെ അല്ലാഹു ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. എന്നല്ല, ആ ഒരേയൊരാൾക്കുവേണ്ടി ലക്ഷക്കണക്കിനാളുകളെ രക്ഷപ്പെടുത്തുന്നതുമാണ്.

അല്ലാഹുവിന്റെ 'വൊലി'മാരിൽപെട്ട ഒരു മഹാത്മാവിനെക്കുറിച്ച് പറയുന്നു: അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. കടലിൽ കൊടുങ്കാറ്റടിച്ചു. കപ്പൽ മുങ്ങാറായി. അപ്പോൾ ആ മഹാത്മാവ് ദുആ ചെയ്തു. അദ്ദേഹത്തിന്റെ ആ ദുആ മുഖേന അവരെല്ലാം രക്ഷപ്പെട്ടു. ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൽ ഇൽഹാം അഥവാ വെളിപാട് ഇറങ്ങി: "നിനക്കുവേണ്ടിയാണ് നാം എല്ലാവരേയും രക്ഷപ്പെടുത്തിയത്." എന്നാൽ ഈ അവസ്ഥ പൊള്ളയായ വാദംകൊണ്ട് നേടാൻ ഒക്കുകയില്ല. നോക്കൂ! അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തു: ***ഇന്നീ ഉഹാഫിളു കുല്ലമൻ ഫിദ്ദാരി*** നിശ്ചയമായും നിന്റെ വസതിയിലുള്ളവരെ ഞാൻ സംരക്ഷിക്കുന്നതാണെന്ന്.

പക്ഷെ, അവരിൽ അശ്രദ്ധരായ സ്ത്രീകളുണ്ട്. വിവിധ പ്രകൃതിക്കാരും തരക്കാരുമുണ്ട്. നിർഭാഗ്യവശാൽ അവരിലാരെങ്കിലും പ്ലേഗ് പിടിച്ച് മരിച്ചാൽ- ചിലയാളുകൾ മരിച്ചതുപോലെ- അപ്പോൾ ശത്രുക്കൾക്ക് ആക്ഷേപത്തിനുള്ള അവസരം കൈവരുന്നു. വാസ്തവത്തിൽ അല്ലാഹു ഇങ്ങനേയും പറഞ്ഞിട്ടുണ്ട്.

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ

വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവർക്കാണ് രക്ഷയുള്ളത്. (6:83) എന്തായാലും ജമാഅത്തംഗങ്ങളുടെ ദൗർബല്യങ്ങളും മോശമായ മാതൃകയും മറ്റ് ജനങ്ങളിലുണ്ടാക്കുന്ന സ്വാധീനം എന്നേയും ബാധിക്കും. അതുമുഖേന എന്നെ അനാവശ്യമായി ആക്ഷേപിക്കാനുള്ള അവസരം ശത്രുക്കൾക്കുണ്ടാകുന്നു. അതുകൊണ്ട് എനിക്ക് നിങ്ങൾക്ക് തരാനുള്ള ഉപദേശം നിങ്ങൾ നിങ്ങളെ മറ്റുള്ളവർക്ക് നല്ല മാതൃകയാക്കിത്തീർക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. മലക്കുകളെപോലുള്ള ഒരു ജീവിതം നിങ്ങളിൽ ഉണ്ടാകാത്തിടത്തോളം നിങ്ങൾ പരിശുദ്ധിയാർജ്ജിച്ചു എന്ന് എങ്ങനെയാണ് പറയാൻ കഴിയുക. മലക്കുകളെക്കുറിച്ച് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്. "***യഫ്അലൂന മാ യുഅ്മറൂൻ***" അവരോട് ശാസിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുന്നു.(*16:51*)

അതേപോലെ, നിങ്ങൾ അല്ലാഹുവിൽ ലയിക്കുന്നവരായിത്തീരണം. നിങ്ങൾക്കും നിങ്ങളുടെ ഭാര്യാമക്കൾക്കും ബന്ധുമിത്രാദികൾക്കും നമുക്കും കാരുണ്യത്തിന് പാത്രമായിത്തീരാൻ നിങ്ങളുടെ എല്ലാ ഇച്ഛകളും ആഗ്രഹങ്ങളും കൈവെടിഞ്ഞ് വെറും അല്ലാഹുവിന്റെ ഇച്ഛകളും കല്പനകളും അനുസരിച്ച് നിങ്ങൾ ജീവിക്കുക. എതിരാളികൾക്ക് ആക്ഷേപിക്കാനുള്ള അവസരം ഒരിക്കലും നിങ്ങൾ ഉണ്ടാക്കരുത്. അല്ലാഹു പറയുന്നു. ***ഫമിൻഹും ളാലിമുൻല്ലി നഫ്സിഹീ വ മിൻഹുംമ്മുഖ്തസിദുൻ വ മിൻഹും സാബിഖുൻബിൽ ഖയ്റാത്തി*** (ചിലർ തങ്ങളുടെ ആത്മാവിനോട് അക്രമം ചെയ്യുന്നവരാണ്. ചിലർ മദ്ധ്യമനില കൈക്കൊണ്ട് നടക്കുന്നവരാണ്. ചിലർ നന്മയിൽ പരസ്പരം മുന്നോട്ടുകുതിക്കുന്നവരാണ്.) പറഞ്ഞു: "ആദ്യം പറഞ്ഞ രണ്ട് ഗുണങ്ങളും താഴെക്കിടയിലുള്ളതാണ്. നിങ്ങൾ ***സാബിഖുംബിൽ ഖയ്റാത്ത്*** ആയിത്തീരണം. ഒരേ സ്ഥാനത്തുതന്നെ ഉറച്ചുനിൽക്കുക എന്നത് നല്ല ഒരു ഗുണമല്ല. നോക്കൂ!

കെട്ടിനിൽക്കുന്ന വെള്ളം അവസാനം കെട്ടുപോവുകയും ചെളിയുമായിട്ടുള്ള സമ്പർക്കം നിമിത്തം അത് ദുർഗന്ധപൂരിതവും ദുസ്വാദുള്ളതുമായിത്തീരുകയും ചെയ്യും. ഒഴുക്കുള്ള വെള്ളം താഴെ ചെളിയാണെങ്കിൽതന്നെയും എപ്പോഴും ശുദ്ധവും രുചികരവുമായിരിക്കും. അതിനെ മലിനമാക്കാൻ ചെളിക്കുപോലും സാദ്ധ്യമല്ല. ഇതേ അവസ്ഥ തന്നെയാണ് മനുഷ്യന്റേതും. ഒരേ സ്ഥാനത്തുതന്നെ ഉറച്ചുനില്ക്കാൻ പാടില്ല. അത് അപകടകരമാണ്. എപ്പോഴും മുമ്പോട്ട് ചുവടുവെയ്ക്കണം. നന്മയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ അല്ലാഹുവിന്റെ സഹായം ഉണ്ടാവുകയില്ല. അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ മനുഷ്യൻ നിഷ്പ്രഭനായിപ്പോകും. അവൻ ചിലപ്പോൾ മതപരിത്യാഗിയായിത്തീരും." (ചിലർ മുർത്തദ്ദുകളായി പോകാറുണ്ട്. അവരെ നിങ്ങൾ നോക്കുക. സ്വയം ഒരു നന്മയും ചെയ്യുന്നവരായിരിക്കുകയില്ല. നമസ്കരിച്ചോ എന്നു ചോദിച്ചാൽ ഇല്ലാ എന്നായിരിക്കും മറുപടി. എന്നിട്ട് ജമാഅത്തിനുമേൽ ആക്ഷേപവും ഉന്നയിക്കുന്നു.) "അങ്ങനെ ഹൃദയം അന്തമായിത്തീർന്നെന്നും വരും.

ഒരു സ്ഥലത്ത് നിലയുറപ്പിക്കാതെ നന്മയുടെ വഴിയിൽ മുന്നോട്ടു മുന്നോട്ട് ചുവടുവയ്ക്കുന്നവർക്കാണ് സദാ അല്ലാഹുവിന്റെ സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവരുടെ പര്യവസാനം ശുഭകരമായിരിക്കും. ആദ്യമൊക്കെ വളരെ താല്പര്യത്തോടും ഉത്സാഹത്തോടും വിനയത്തോടുംകൂടി മുന്നോട്ട് ഗമിക്കുകയും പിന്നീട് ഒരിടത്ത് ഉറച്ചുനിന്നുപോവുകയും ചെയ്യുന്ന ചിലരെ നാം കണ്ടിട്ടുണ്ട്. അവരുടെ പര്യവസാനം ശുഭകരമായിരിക്കുകയില്ല. അല്ലാഹു ഖുർആനിലൂടെ ഒരു പ്രാർത്ഥന പഠിപ്പിച്ചിരിക്കുന്നു. ***അസ്‌ലിഹ്‌ലീ ഫീ ദുർരിയ്യത്തീ.*** എന്റെ ഭാര്യാമക്കളേയും പരിഷ്കരിക്കേണമേ.(46:16) സ്വന്തം അവസ്ഥയുടെ പരിശുദ്ധമായ മാറ്റത്തിനും ഭാര്യാമക്കൾക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, മിക്ക പരീക്ഷണങ്ങളും ഉണ്ടാകുന്നത് മക്കളും ഭാര്യയും മുഖേനയാണ്. ആദ്യ പരീക്ഷണം ആദമിനുണ്ടായതും ഭാര്യയിൽനിന്നായിരുന്നു. ഹസ്റത്ത് മൂസാ(അ)യിലുള്ള വിശ്വാസം ബെൽഅമിന് നഷ്ടപ്പെടാനുണ്ടായ കാരണവും തൗറാത്തിൽനിന്ന് മനസ്സിലാകുന്നത് രാജാവ് ചില ആഭരണങ്ങൾ കാണിച്ച് ബെൽഅമിന്റെ ഭാര്യയെ മോഹിപ്പിച്ചു എന്നതുകൊണ്ടാണ്. പിന്നീട് അവൾ ഹസ്റത്ത് മൂസാ(അ)യുടെ മേൽ ശാപപ്രാർത്ഥന നടത്താൻ ബെൽഅമിനെ പ്രേരിപ്പിച്ചു. ചുരുക്കത്തിൽ സ്ത്രീകൾ കാരണം മിക്ക പുരുഷന്റെമേലും കഠിനമായ വിപത്തുകൾ ഇറങ്ങുന്നു. അവരെ നന്നാക്കിയെടുക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്."

അല്ലാഹു തആല നമ്മെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ അദ്ധ്യാപനങ്ങളനുസരിച്ച് തഖ്‌വയിലൂടെ നടക്കുന്നവരാക്കിത്തീർക്കട്ടെ. നല്ല നിലവാരം പുലർത്തി ആരാധനകൾ അനുഷ്ഠിക്കുന്നവരാക്കിത്തീർക്കട്ടെ. നമസ്കാരമനുഷ്ഠിക്കുന്നവരാക്കി തീർക്കുമാറാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുക എന്നത് നമ്മുടെ ലക്ഷ്യമായി തീരട്ടെ. എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
17.6.2005
at
Calgari, Canada

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala